# അഴുക്കിൽ നിന്നും അശുദ്ധിയിൽ നിന്നും ശുദ്ധിയാകൽ

ഗ്രന്ഥകർത്താവ്: ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽ ഉഥൈമീൻ (ρ)
അവലംബ ഗ്രന്ഥം: فتاوى أركان الإسلام
തയ്യാറാക്കിയത്: സയ്യിദ് സഅ്ഫർ സാദിക് മദീനി

**അഴുക്കിൽ നിന്നും, അശുദ്ധിയിൽ നിന്നും ശുദ്ധിയാക്കുന്നതിന്റെ അടിസ്ഥാന മെന്താണ്?**

ഉത്തരം: അശുദ്ധിയിൽ നിന്ന് ശുദ്ധീകരിക്കുന്നതിന്റെ അടിസ്ഥാനം വെള്ളമാണ്. വെള്ളം കൊണ്ടല്ലാതെ ശുദ്ധീകരണമില്ല. വെള്ളം തെളിഞ്ഞതോ, ശുദ്ധിയുള്ള മറ്റു വസ്തുക്കൾ മുഖേന കലർപ്പുള്ളതോ ആയാൽ പോലും. എന്നാൽ വെള്ളം കിട്ടാതെ വരികയോ ഉപയോഗിക്കാൻ പറ്റാതിരിക്കുകയോ ചെയ്താൽ തയമ്മും ചെയ്യാവുന്നതാണ്. രണ്ട് കൈപടങ്ങളും ഭൂമിയിൽ അടിച്ച് അവകൊണ്ട് മുഖവും, രണ്ട് കൈപടങ്ങളും തടവുക. ഇങ്ങനെയാണ് വലുതും ചെറുതുമായ അശുദ്ധികളിൽ നിന്ന് ശുദ്ധിയാവേണ്ടത്.

അഴുക്കിൽ നിന്നും, മ്ലേഛതകളിൽ നിന്നും ശുദ്ധിയാവാൻ അഴുക്കിനെ നീക്കാൻ കെൽപുള്ള വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്. അതായത്, വെള്ളമോ, മറ്റോ ശുദ്ധീകരണത്തിന് ഉപയോഗിക്കാവുന്നതാണ്. മ്ലേഛതകളിൽ നിന്നും, നജസുകളിൽ നിന്നുമുള്ള ശുദ്ധീകരണം കൊണ്ട് ഉദ്ദേശിക്കുന്നത് ആ നജസ് നീങ്ങിപ്പോവു കയെന്നതാണ്. അത് വെള്ളം കൊണ്ടോ, മറ്റുവല്ല ദ്രാവകം കൊണ്ടോ, മറ്റു വല്ല വസ്തുക്കൾ കൊണ്ടോ ആകാവുന്നതാണ്. എന്നാൽ നായ തലയിട്ട പാത്രം ശുദ്ധീകരിക്കാൻ ഏഴ് പ്രാവശ്യം കഴുകണം, അതിൽ ഒരു പ്രാവശ്യം മണ്ണ് കൊണ്ടുമായിരിക്കണം. ഇതാണ് ചെറിയ വലിയ അശുദ്ധിയിൽ നിന്നും, നജസുകൾ അഴുക്കുകൾ എന്നിവയിൽ നിന്നും ശുദ്ധീകരിക്കുന്നതിലുള്ള വ്യത്യാസം.